


ഫോട്ടോ : എൻ.എ. നസീർ

# മരുഭൂമിയിൽ മഴ പെയ്യുമ്പോൾ

എൻ.എ. നസീർ

മരുഭൂമിയുടെ കാഠിന്യങ്ങളിലേക്ക് ചെന്നു കയറിയാൽ, അത് നമ്മെ പെട്ടെന്ന് പരിഭ്രമിപ്പിച്ചു കളയും. രണ്ടുമൂന്നു മാസമൊഴികെ മരുഭൂമി എപ്പോഴും നിശബ്ദതയിലായിരിക്കും. ധ്യാനത്തിലായിരിക്കും. മരുഭൂമിയുമായി പെട്ടെന്ന് സൗഹൃദത്തിലാകുവാൻ എളുപ്പമല്ല. അതിന്റെ നിശബ്ദതയും വിജനതയുമൊക്കെ നമ്മെ ഒറ്റപ്പെടുത്തിക്കളയും. വഴിതെറ്റിവരുന്ന മഴചാറലുകളിൽ മരുഭൂമി പുഞ്ചിരിക്കുന്നതുകാണാം. പൂക്കളായി. അപ്പോൾ അതിന്റെ നിഗൂഢതകളിൽ നിന്നും ജീവന്റെ തുടിപ്പുകൾ നമ്മെതേടി എത്തും. ഇക്കാലങ്ങളിലാണ് മരുഭൂമി അതിന്റെ സൗഹൃദം നമ്മളുമായി പങ്കുവെയ്ക്കുന്നതും.

പ്രവാസി ജീവിതത്തിൽനിന്നും വല്ലപ്പോഴും വീണുകിട്ടുന്ന ഒഴിവുദിനങ്ങളിൽ ഞങ്ങൾ മരുഭൂമിയുടെ സൗന്ദര്യം തേടി ചെല്ലാറുണ്ട്. അത്തരത്തിലുള്ള ഒരു യാത്രയായിരുന്നു അതും. റാവുവിന്റെ കാറിൽ എന്നെ കൂടാതെ ജലീൽ മാതിയാടത്തും ഉണ്ടായിരുന്നു. ദുബായിൽ നിന്നും ഉമ്മൽ ഖയിമിലേക്കുള്ള പാതയിലൂടെയായിരുന്ന ആ സഞ്ചാരം. പ്രത്യേകിച്ചൊരു ലക്ഷ്യസ്ഥാനമൊന്നും ഞങ്ങളുടെ മനസ്സിലുണ്ടായിരുന്നില്ല. നഗരത്തിന്റെ വർണ്ണങ്ങളിൽനിന്നും ബഹളങ്ങളിൽനിന്നും ഒഴിഞ്ഞ് മരുഭൂമിയുടെ നിശബ്ദതയിലെവിടെയെങ്കിലും ഒരു രാവ് കഴിച്ചുകൂട്ടുക. തിരികെ പോരുമ്പോൾ മരുഭൂമി നൽകിയ ശാന്തതയും സാന്ത്വനവും അനുഭവിച്ച് അടുത്ത ഒഴിവുദിനം വരെ കഴിഞ്ഞുപോവുക. റോഡിനു വലതുവശം ഇപ്പോൾ മരുഭൂമി കണ്ടുതുടങ്ങിയിരിക്കുന്നു. അതങ്ങനെ ഞൊറിവുകളോടെ അങ്ങ് ചക്രവാളംവരെ കിടക്കുകയാണ്. ചിലപ്പോഴൊക്കെ ഏതെങ്കിലുമൊരു ഒട്ടകം ഒരു മണൽ കുന്നിന്റെ നിറുകയിൽ നിന്നുകൊണ്ട് ആ മരുപ്പരപ്പിൽ എന്തോ തേടുകയാണ്.

ഇവയ്ക്കെപ്പൊഴും ഒരു വിഷാദഭാവമാണെന്നു എനിക്കു തോന്നാറുണ്ട്. കൂട്ടത്തോടെ അവ മരുഭൂമിയിൽ നിൽക്കുമ്പോഴും ഒറ്റപ്പെട്ടവരുടെ വിഷാദം വെടിയുന്നില്ല. അവയുടെ കണ്ണുകൾ എപ്പോഴും തേടിക്കൊണ്ടിരിക്കുന്നത് ഹരിതത്തിന്റെ പൊട്ടുകളായിരിക്കാം.

കുറച്ചുദൂരം പിന്നിട്ടപ്പോൾ പ്രധാന പാത വിട്ട് മണൽ പരപ്പിലേക്ക് വണ്ടി തിരിച്ചു. ഇനി ഏറെ ദൂരം ഞങ്ങളുടെ കാറിനു മുന്നോട്ട് പോകാനാകില്ല. ഈ വഴിത്താര ഫോർവീൽ ഡ്രൈവിനുള്ള 'ഓഫ് റോഡാ'ണ്. ഞങ്ങലുടെ ഈ കുഞ്ഞിക്കാറിന് മരുഭൂമിയുടെ കാഠിന്യത്തിലേക്ക് ചെന്നു കയറുവാനുള്ള കരുത്തില്ല. രണ്ട് മൂന്ന് ചെറിയ മരങ്ങൾ നിൽക്കുന്നതിനരികിലായി റാവു വണ്ടി ഒതുക്കിയിട്ടു. ബാഗുകളെല്ലാം എടുത്ത് പിന്നെ ഞങ്ങൾ മരുഭൂമിയിലേക്ക് നടന്നു.

ഇടതുവശം ഒരു നീണ്ട കോട്ട പോലെ വലിയ ഒരു മണൽകുന്ന്. വലതുവശം ഉയർന്നും താണും അതിനിടയിൽ ഒറ്റപ്പെട്ട ചെറിയ മരങ്ങളോടെ മണൽപരപ്പ്. കുറച്ചുദൂരം നടന്നപ്പോൾ പിന്നിൽ ഞങ്ങൾ വന്ന പാതയും കാറും മറഞ്ഞു. ഇപ്പോൾ എങ്ങോട്ട് നോക്കിയാലും മണൽമാത്രം.

വലതുവശം ചെറിയ ഒരു കുന്നിനു ചുറ്റും കുറച്ചു വൃക്ഷങ്ങൾ. അവിടെ ഞങ്ങളുടെ ടെന്റ് ഉറപ്പിച്ചു. റാവും ജലീലും വിറകുതേടി പോയി. ജനുവരി മാസമാണ്. രാത്രിയിൽ കൊടും ശൈത്യമായിരിക്കും മരുഭൂമിയിൽ. ഞാൻ ഫ്ളാസ്കിൽനിന്നും 'സുലൈമാനി' (കട്ടൻചായ) ഗ്ലാസിലേക്ക് പകർന്നു. അതുമായി മുന്നിൽ

കാണുന്ന മണൽ കോട്ടയിലേക്ക് നോക്കിയിരുന്നു.

മരുഭൂമിയിലെ കുന്നുകൾക്കൊന്നും സ്ഥിരമായ ഒരു സ്ഥാനമൊന്നുമില്ല. അവ എപ്പോഴും കാറ്റിന്റെ കനിവിലാണ് വർത്തിക്കുന്നത്. കാറ്റ് പലപ്പോഴും അവയെ തന്റെ കരങ്ങളിൽ എടുത്തു പുതുപുതു ഇടങ്ങളിലേക്ക് കൊണ്ടുപോകുന്നു. കാറ്റിന്റെ നിയന്ത്രണത്തിലാണ് മരുഭൂമി എന്നു വേണമെങ്കിൽ പറയാം. ഒരിക്കൽ വന്ന ഇടം പിന്നീട് ചെല്ലുമ്പോൾ ചിലപ്പോൾ നാം തിരിച്ചറിഞ്ഞില്ലെന്നു വരാം. എന്തെന്തു ഭാവനകളോടെയാണ് കാറ്റ് മരുഭൂമിയിൽ ഏർപ്പെടുന്നത്.

ഈ ഭാഗത്തെ മണലിന് ഒരു ചുവപ്പുരാശി കലർന്നിട്ടുണ്ട്. അതും ആകാശത്തിന്റെ നീലിമയും ചേർന്നു കാണുമ്പോൾ ഹൃദയഹാരിയാണ് ഈ ലാൻസ്കേപ്പ്. ആ മണൽപരപ്പിലെ ഒറ്റപ്പെട്ട വൃക്ഷങ്ങളിലെ ഹരിതവർണ്ണവും അതിനു കൂട്ടായി വരുന്നതു കാണുമ്പോഴാണ് നാം മറ്റൊരു യാഥാർത്ഥ്യം കൂടി മനസ്സിലാക്കുന്നത്.

കാട്ടിലെ ഹരിതത്തിനു ആയിരക്കണക്കിനു നിറഭേദങ്ങൾ ഉണ്ട്. ഇവിടെ വിരലിലെണ്ണാവുന്ന നിറങ്ങൾ മാത്രം. അതും ഈ രണ്ട് മൂന്നുമാസം മാത്രം. അതു കഴിഞ്ഞാൽ മരുഭൂമിയിലെ ആകാശത്തിനും മണ്ണിനുമൊക്കെ ഒരേ നിറമാണ്. ചിലപ്പോൾ ദിനങ്ങളോളം ഒരു മണൽകാറ്റിൽ മൂടി മരുഭൂമി അങ്ങനെ നിൽക്കും. അപ്പോൾ മണൽതരികളല്ലാതെ അന്തരീക്ഷത്തിൽ ഒന്നും കാണില്ല.

റാവുവും ജലീലും തിരികെ എത്തിയിരുന്നു. അത്യാവശ്യം കത്തിക്കുവാനുള്ള വിറക് അവർ കണ്ടെത്തിയിരുന്നു. എന്നോ മരുഭൂമിയിൽ ആണ്ടുപോയ ഏതോ പഴയ വാഹനത്തിന്റെ അവശിഷ്ടങ്ങളിൽ ചിലതായിരുന്നു അവ.

സൂര്യാസ്തമയമാവുകയാണ്. ഇപ്പോൾ ചക്രവാളം വരെ മരുഭൂമി രക്തവർണ്ണമാർന്നു കിടക്കുന്നു. ഞങ്ങൾ നിശബ്ദരായി മണൽകുന്നുകൾക്കപ്പുറം സൂര്യൻ മറയുന്നതും നോക്കി ഇരുന്നു. റാവു ഏതോ ഗസൽ വരികൾ മൂളുന്നു.

പ്രവാസികളുടെ ഗാനശേഖരത്തിൽ ഏറിയ പങ്കും വിഷാദത്തിന്റെയും വിരഹത്തിന്റെയും ഗാനങ്ങളായിരിക്കും. ആ ഗാനങ്ങളിലൂടെ അവർ ഭൂതകാലത്തിലേക്ക് സഞ്ചരിക്കുന്നു. അവരവരെ കാത്തിരിക്കുന്നവരെ കുറിച്ചാണ്.

വരയും വരിയും — റഫീഖ് അഹമ്മദ്




എന്റെ മനസിൽ മൈലുകൾക്കപ്പുറം മറ്റൊരു ലോകം ഉണരുകയാണ്. ഹരിതവർണ്ണത്തിന്റെയും കോടമഞ്ഞിന്റെയും സ്മൃതിയിൽ മുങ്ങിയ മൂന്നാറിനരികിലുള്ള ടോപ് സ്റ്റേഷൻ. വഴികാട്ടിയായി കൂട്ടിനുവരുന്ന മനോഹറിന്റെ വീട്. ഇപ്പോൾ ആ രണ്ടു മുറികളുള്ള (ഒറ്റ മുറിയാണ്. രണ്ടുമൂന്നു പലകകൾ അടിച്ച് ഒരു മറ നടുവിൽ) വീടിന്റെ അടുപ്പിനരുകിൽ കമ്പിളിയും പുതച്ചു മനോഹറിന്റെ അമ്മയും അപ്പയും പരിമിളയും ഇരിക്കുന്നുണ്ടാകാം. മനോ പുറത്ത് നിന്നുകൊണ്ട് ഒരു ബീഡി വലിച്ച് കാട്ടിൽനിന്നുള്ള ശബ്ദങ്ങൾക്ക് കാതോർക്കുന്നുണ്ടാകാം.

ഇതുപോലെ അടിച്ചിൽതൊട്ടിയിലെ മുതുവാന്മാർ, പറമ്പിക്കുളത്തെ വിജയൻ, മസനഗുഡിയിലെ ഉടച്ചുമാരി, തേക്കടിയിലെ കണ്ണൻ, ആനന്ദ് രാജ് എത്രപേരാണ് എനിക്ക് സ്വന്തക്കാരായി. പിന്നെ കാടും അതിലെ ജീവനുകളും കൂടി ചേരുമ്പോഴാണ് ആ ലിസ്റ്റ് പൂർത്തിയാകുന്നത്. എപ്പോഴോ വരുന്ന എനിക്കായി അവരൊക്കെ കാത്തിരിക്കുന്നതായി എനിക്ക് തോന്നി.

'ഇനി തീ കത്തിക്കാം' ജലീൽ എഴുന്നേറ്റു. തണുപ്പ് തുടങ്ങിക്കഴിഞ്ഞു. ഞങ്ങൾ ഒരു ആഴികൂട്ടി ആ മണൽപ്പരപ്പിൽ. തീ കത്തിതുടങ്ങിയപ്പോൾ ഞങ്ങൾ പാർസൽ വാങ്ങിയ ഭക്ഷണപൊതികൾ തുറന്നു.

ആ തീകുണ്ഡവും അതിനുചുറ്റും ഇരിക്കുന്ന ഞങ്ങളും അല്പം അകലെ നിന്നും ഇടക്കിടെ ഉയരുന്ന ഒട്ടകത്തിന്റെ വിലാപവും ഒക്കെ ഏതോ ഗോത്രസ്മൃതികളിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി.


എത്രയോ സഞ്ചാരികൾ ഇതിലെ കടന്നുപോയിരിക്കാം. ചിലപ്പോൾ അവർ ഇവിടെ തമ്പടിച്ചിരിക്കാം. എന്നിട്ട് തീക്കുണ്ഡമുണ്ടാക്കി അതിനു ചുറ്റും കൂടിയിരുന്നിരിക്കാം. തങ്ങൾ കടന്നുപോന്ന മരുഭൂമിയിലെ കാഠിന്യങ്ങളെക്കുറിച്ചും മണൽക്കാറ്റിന്റെ ഭാവങ്ങളെക്കുറിച്ചും തലേന്നു തങ്ങിയ മരുപ്പച്ചയിലെ കറുത്ത മുഖാവരണത്തിനിടയിലൂടെ കണ്ട പിടയ്ക്കുന്ന കണ്ണുകളെക്കുറിച്ചും അവർ വാചാലരായിരിക്കും. പിന്നെ വായ്മൊഴിയായി കിട്ടിയ സഞ്ചാരഗാനങ്ങൾ പാടിയിരിക്കാം.

ഭക്ഷണത്തിനുശേഷം ഞങ്ങൾ ആ മണലിൽ സ്ലീപ്പിംഗ് ബാഗുകൾ വിരിച്ചു. നക്ഷത്രങ്ങളെ നോക്കിക്കിടന്നു. നഗരവാസത്തിനിടയിൽ ഞങ്ങൾക്കു നഷ്ടപ്പെട്ടതാണീ നക്ഷത്ര ആകാശം.

ആരോ വിളിക്കുന്നപോലെ. ഞാൻ പതുക്കെ കണ്ണുതുറന്നു. മുഖമാകെ നനഞ്ഞു. മഞ്ഞു പെയ്യുകയാണ്. ഞങ്ങൾ ടെന്റിനുള്ളിലേക്ക് കയറി.

സംഗീതാത്മകമാണ് കാട്ടിലെ പ്രഭാതങ്ങളൊക്കെ. പക്ഷികളും മുളംകാടുകളുമൊക്കെ ചേർന്നൊരു ജുഗൽബന്ദി. മരുഭൂമിയിലെ ഉദയാസ്തമയങ്ങൾ നിശബ്ദവും വിഷാദഭരിതവുമാണ്. ചിലപ്പോൾ ധ്യാനത്തിൽ നിന്നുണരുന്നപോലെ.

ഞങ്ങൾ ഉദിച്ചുയരുന്ന സൂര്യനെ നോക്കിനിന്നു. നിശബ്ദതയിൽ ഒരു പ്രഭാതം ഉണരുകയാണ്. ഞാൻ മുന്നി



ലുള്ള മണൽകോട്ടയിലേക്ക് കയറുവാൻ തീരുമാനിച്ചു. ഒട്ടകങ്ങൾ കടന്നുപോയ കാലടിപ്പാടുകളിലൂടെയായിരുന്നു എന്റെ കയറ്റം. ഇടയ്ക്ക് ഒരു പുൽക്കൊടി എന്നെ പിടിച്ചുനിർത്തി. ആരോ കൊണ്ടു വച്ചപോലെ. ഒരടിയിൽ താഴെ ഉയരം കാണും. കാറ്റിനേയും ചൂടിനേയും എതിരിട്ട് അതവിടെ നിൽക്കുകയാണ്. ചുറ്റും നിറയെ വേരുകൾ ഒരു ജഡ പോലെ അതിനെ പൊതിഞ്ഞിരിക്കുന്നു. കുറച്ചു നാളുകൾ അതവിടെ കാണുമായിരിക്കും. പിന്നെ മണൽക്കാറ്റ് വന്ന് അതിനെ മൂടിക്കളയും. വീണ്ടും ഏതെങ്കിലും മഴ ചാറലുകളിൽ പുനർജ്ജനിക്കുവാനായി അതാ മണലുകൾക്കിടയിൽ നിദ്രയിലാണ്ടുപോകും.

മുകൾപ്പരപ്പിൽ എത്തിയപ്പോഴാണ് അതിനടുത്ത് വീണ്ടും ഒരു മണൽകുന്ന്. അതു കഴിഞ്ഞാൽ മറ്റൊന്ന് ..... ഇതിങ്ങനെ തുടർന്നുപോവുകയാണ്. കൊച്ചുകൊച്ചു ജീവികളുടെ അനേകം കാലടയാളങ്ങൾ. വണ്ടുകൾ, ചിലയിനം പല്ലികൾ, ഉടുമ്പുകൾ, പാമ്പുകൾ, മുയൽ ഒക്കെ അവിടെയുണ്ട് എന്നാണ് കാലടികൾ പറഞ്ഞുതരുന്നത്.

പണ്ടെങ്ങോ മരുഭൂമിയിലെ ഒരു കിണർ തേടിപ്പോയതും അന്ന് മരുപ്പച്ചയിലെ ഒരു കുളത്തിനരികിൽ എത്തിയതും. പിന്നെ ഞങ്ങളുടെ ബാല്യകാലത്തേക്ക് മടങ്ങിപ്പോയതുമൊക്കെ ഓർമ്മയിൽ വരുന്നു. അന്ന് ആ കുളത്തിൽനിന്നും നേരെ ഒരു പാറയിലേക്ക് കയറിയപ്പോൾ ഏറെ മനോഹരമായി ഡിസൈൻ ചെയ്ത് വച്ചപോലെ ഒരു കൊച്ച് ഉടുമ്പ്! 'ഒമാൻ ലിസാർഡ്' എന്ന പേരിൽ അറിയപ്പെടുന്ന അത് എന്റെ ക്യാമറക്ക് ഒത്തിരി പോസുകൾ നൽകിയിരുന്നു.

അനേകം ജന്തുജാലങ്ങളുടെ ആവാസവ്യവസ്ഥയാണ് മരുഭൂമിയും. മാൻ വർഗ്ഗത്തിൽപ്പെട്ട അറേബ്യൻ ഗാസ്സൽ, നമ്മുടെ വരയാടുകളെപ്പോലെ അറേബ്യൻ താർ, കുറുനരി, മുള്ളൻപന്നി, മുയൽ, മരുഭൂമിയിലെ കഴുത, അറേബ്യൻ ഒറിക്സ്, ഉഗ്രവിഷമുള്ള അണലികൾ, ചിത്രശലഭങ്ങൾ, വണ്ടുകൾ, പക്ഷികൾ എന്നിങ്ങനെ വൈവിധ്യമാർന്ന ജീവജാലങ്ങൾ. മരുഭൂമിയിലേക്കുള്ള മനുഷ്യന്റെ കടന്നുകയറ്റമാണ് ഈ ആവാസ വ്യവസ്ഥയിൽ കനത്ത നാശം വിതച്ചത്. മാംസത്തിനായും വിനോദത്തിനായും പലതും വേട്ടയാടപ്പെട്ടു.

അതോടെ ചില പ്രകൃതിസ്നേഹികൾ ചേർന്ന് അറേബ്യൻ ലെപ്പേർഡ് ട്രസ്റ്റ് (ALT) ആരംഭിച്ചു. 1993ൽ എ.എൽ.ടിയുടെ നേതൃത്വത്തിൽ പഠനഗവേഷണങ്ങൾ ആരംഭിച്ചു. സൗത്ത് ആഫ്രിക്കയിലെ ക്രിസിനേയും സ്റ്റുവർട്ടിനേയും ക്ഷണിച്ചു. ഏഴുമാസം നീണ്ടുനിന്ന സർവ്വേയിൽ അവർ പുതിയ ഒരു കുറുനരിയെ കണ്ടെത്തി. അഫ്ഗാനിസ്ഥാനിലും തുർക്ക്മെനിസ്ഥാനിലും ഉണ്ടെന്നു പറയപ്പെടുന്ന 'Blanfor's Fox'. അറേബ്യൻ ലെപ്പേർഡിനേയും കാരക്കൽ എന്ന പൂച്ചയേയും മറ്റും സംരക്ഷിക്കാനുള്ള ഭഗീരഥ യത്നങ്ങളിലാണ് യു.എ.ഇ. സർക്കാർ. അപൂർവ്വ ജീവികൾക്കായി ഒരു ബ്രീഡിങ്ങ് സെന്റർ തുടങ്ങി. ഷാർജ ഡസർട്ട് പാർക്കും നാച്ചറൽ ഹിസ്റ്ററി മ്യൂസിയവും നിലവിൽവന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും ഇവിടത്തെ 'പെറ്റ് മാർക്കറ്റുകൾ' കണ്ടാൽ വിഷമം തോന്നും. യമു, ആമസോൺ തത്തകൾ, പലതരം പക്ഷികൾ, ആമകൾ ഒക്കെ വില്പനക്കു വെച്ചിരിക്കുന്നു! ഇവിടെ ചില വീടുകളിൽ കടുവയെയും ചീറ്റയെയും വളർത്തുന്നുണ്ട്. നമ്മുടെ മാടത്തകളും ഇരട്ടതലച്ചികൾ വരെയും കൊച്ചുകൊച്ചു കൂടുകളിൽ ശ്വാസം മുട്ടി കഴിയുന്നതു കണ്ടാൽ വേദന തോന്നും.

ഞാനിവിടെ തായ്ച്ചീയും യോഗയും പറഞ്ഞുകൊടുക്കുന്ന 'ഈയാൻ' എന്ന ഒരു വിദേശിയുണ്ട്. അയാൾ അറേബ്യൻ ലെപ്പേർഡ് ട്രസ്റ്റിലെ പ്രമുഖനാണ്. ഒരിക്കൽ ഞങ്ങൾ യു.എ.ഇയുടെ അതിരുകളിലെ മലനിരകളിൽ ലെപ്പേർഡിനെ തേടി പോയിരുന്നു. കണ്ടെത്താനായില്ല. വിരലിലെണ്ണാവുന്നതേ അവശേഷിച്ചിട്ടുള്ളു. അവ ഒമാനിലെ ചില മലനിരകളിലെവിടെയൊക്കെയോ കാണും.

എവിടെയും പ്രകൃതിക്കു നാശം വിതയ്ക്കുവാനായി മാത്രം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ് മനുഷ്യർ. ഒടുവിൽ എല്ലാം നശിപ്പിച്ചുകഴിയുമ്പോൾ സംരക്ഷകരും ആകുന്നു.

വെയിലിനു കട്ടികൂടുന്നു. ഞാൻ തിരിച്ചുനടന്നു. കാടിന്റെ ഹരിതത്തിലേക്ക് നോക്കുന്ന പോലെയല്ല മരുഭൂമിയിലെ തീക്ഷ്ണതയിലേക്ക് നോക്കുമ്പോൾ. നാം കണ്ണുകൾ പെട്ടെന്ന് പിൻവലിക്കുന്നു.

വഴിയിൽ ഒരു കുടന്ന വെള്ളപൂക്കളുമായി ഒരു കുഞ്ഞുചെടി എന്നെ കാണുവാനായി നിൽപ്പുണ്ടായിരുന്നു. ഞാനതിനരികിൽ മുട്ടുകുത്തി. എന്തൊരു ഭംഗിയാണതിന്. നിറയെ പൂക്കൾ. ദാ അതിനപ്പുറം മറ്റൊന്ന്. നിറയെ ഉണ്ട്. പൂക്കളായിട്ടാണ്. മരുഭൂമി എന്നെ സ്വീകരിച്ചിരിക്കുന്നത്. അവയോടൊക്കെ യാത്ര പറഞ്ഞ് ഞാൻ താഴെ എന്റെ സുഹൃത്തുക്കളുടെ അരികിലേക്ക് നടന്നു.

*നടുവിലകത്ത് വീട്, പള്ളി പോർട്ട്,*
*എറണാകുളം, naseerart@hotmail.com*

പ്രിയ കേരളീയം വായനക്കാരാ,
താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (180 രൂപ), സംഭാവന ഉടനെ അയച്ചുതരിക.
കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : 9388872845, 9447674375